ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആധാര രജിസ്ട്രേഷനുകൾക്കായി ആധാരകക്ഷികളുടെ സൗകര്യാർത്ഥം തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ടോക്കൺ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മേൽ സൗകര്യം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി)

തിരുവനന്തപുരം	02
കൊല്ലം	03
ആലപ്പുഴ	05
പത്തനംതിട്ട	01
ഇടുക്കി	01
എറണാകുളം	02
തൃശ്ശൂർ	08
മലപ്പുറം	03
കോഴിക്കോട്	05
കണ്ണൂർ	06
ആകെ	36

(ഡി) കേടായ യു.പി.എസ്. ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടർ മെയിന്റനൻസ്

261(T-3186) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ 2013-14 സാമ്പത്തിക വർഷം കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; ആയതിൽ നാളിതുവരെയായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; ആയതിലേക്ക് എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) യു.പി.എസ്. സംവിധാനം തകരാറിലാകുന്നതുമൂലം ജനങ്ങൾക്ക് കൃത്യമായ സേവനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പുതിയ യു.പി.എസ്. വാങ്ങിക്കുന്നതിന് അടയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിൽ 2013-14 വർഷം കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി 101.17 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും 2013-14 സാമ്പത്തിക വർഷത്തിൽത്തന്നെ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ഉപകരണങ്ങൾക്ക് 79.44 ലക്ഷം രൂപയും യു.പി.എസുകൾക്ക് 21.73 ലക്ഷം രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി എച്ച്.സി.എൽ. ഇൻഫോസിസ്റ്റം എന്ന ഏജൻസിയെയും, യു.പി.എസിന്റെ അറ്റകുറ്റപ്പണികൾക്കായി ഹൈക്കൺ ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കമ്പ്യൂട്ടർ ഉപകരണങ്ങൾക്കായി 79.44 ലക്ഷം രൂപ ചെലവഴിച്ചു.

(സി) ഉണ്ട്. യു.പി.എസ്. സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ റോഡുകളുടെ നവീകരണം

262(3187) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഏതൊക്കെ റോഡുകളുടെ നവീകരണമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത് ; വിശദാംശം അറിയിക്കുമോ ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റോഡുകൾ പ്രസ്തുത പദ്ധതിപ്രകാരം ഏറ്റെടുക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) സെൻട്രൽ റോഡ് ഫണ്ട് പദ്ധതി പ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിലുണ്ടോ ; എങ്കിൽ ആയത് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly